## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 367** **28.10.2019 – ൽ മറുപടിക്ക്.**

## റേഷൻ കടകളിലെ ആധുനിക നടപടി ക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സജി ചെറിയാൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട് റേഷൻ കടകളിൽ നടപ്പിലാക്കിയ ആധുനിക നടപടിക്രമങ്ങൾ കുറ്റമറ്റ രീതിയിൽ വിജയിച്ചതായുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** അഗതി വിഭാഗത്തിലുള്ള കാർഡുകാർക്ക് സൗജന്യമായി ലഭിക്കുന്ന അരിയും മറ്റ് സാമഗ്രികളും യഥാസമയങ്ങളിലും അളവിലും ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്ന നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ടോ; വിശദീകരിക്കുമോ? | **(ബി)** അഗതി വിഭാഗത്തിലുള്ള കാർഡുകൾ ഉൾപ്പെടെയുള്ള എല്ലാ കാർഡുകൾക്കും അരിയും മറ്റു സാമഗ്രികളും കൃത്യമായ അളവിലും യഥാ സമയങ്ങളിലും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ ഫലപ്രദമായ പരിശോധനകൾ റേഷൻകട തലത്തിലും ഫീൽഡ്തലത്തിലും കൃത്യമായി നടത്തുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*